# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി ലക്ഷ്മി. സി. എം- ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ) നമ്പർ 3761 /2015/തസ്വഭവ തിരുവനന്തപുരം, തീയതി 16/12/2015**

---

പരാമർശം: 1) സ.ഉ(പി) 515/2013/ധന തീയതി11.10.2013.

2) കുമാരി ലക്ഷ്മി സി. എം, ക്ലാർക്ക്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം 28.09.2015 ൽ സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 12.10.2015 ലെ ഇ 6-34510/15 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി ലക്ഷ്മി. സി. എം-. ന് എറണാകുളം ലാ കോളേജിൽ എൽ.എൽ.ബി പഠിയ്ക്കുന്നതിനായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി ലക്ഷ്മി സി. എം - ന് 15.10.2015 മുതൽ 14.10.2018 വരെ കെ.എസ്. ആർ ഭാഗം 1, അനുബന്ധം XII B-ലെ വ്യവസ്ഥകൾ പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതാനാവധിയനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഒഴിവിലേക്ക് പരാമർശം 1 ഉത്തരവ് പ്രകാരം താല്കാലികമായി മാത്രം നിയമനം നടത്തേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്.**
**ഗവ.അണ്ടർസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
കുമാരി ലക്ഷ്മി സി. എം, ക്ളാർക്ക്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പിന് ( 23.09.2015 ലെ E 136839/ആർ.ബി.2/2015/ധന തീയതി 20.11.2015 നമ്പർ കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ